**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4556** **29-10-2021 - ൽ മറുപടിയ്ക്ക്**

**വനഭൂമിയിലെ കുടിയേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വിൽ ഉൾപ്പെട്ട വനഭൂമിയിലുള്ള കുടിയേറ്റങ്ങൾക്ക് മാത്രമേ പട്ടയം നൽകുവാൻ കഴിയുകയുള്ളൂ എന്ന ബഹു: കേരള ഹൈക്കോടതിയുടെ W.A No: 694/2019-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിക്ഷിപ്ത വനഭൂമിയിലുള്ള കുടിയേറ്റക്കാരെ വനം വകുപ്പ് ഇറക്കിവിടാൻ ശ്രമിക്കുന്നുവെന്ന ആരോപണത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ബഹു. കേരള ഹൈക്കോടതിയുടെ WA No. 694/2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിക്ഷിപ്ത വനഭൂമിയിലുള്ള കുടിയേറ്റക്കാരെ വനം, വകുപ്പ് ഇറക്കിവിടാൻ ശ്രമിക്കുന്നു എന്നത് അടിസ്ഥാനമില്ലാത്തതാണെന്ന് ബന്ധപ്പെട്ട സർക്കിൾ വനം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, 01.01.1977 ന് മുമ്പുള്ള കയ്യേറ്റ പ്രദേശങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അർഹരാണെന്ന് കണ്ടെത്തിയ അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതോടൊപ്പം 01.01.1977 ന് ശേഷമുള്ള നിയമവിധേയമല്ലാത്ത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടികളും സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ